## പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്
റിപ്പോർട്ടിലെ പട്ടികജാതി-പട്ടികവർഗ്ഗ വികസനം,
സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുമായി
ബന്ധപ്പെട്ട ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം
ഉപചട്ടപ്രകാരമുള്ളത്

(2011 നവംബർ 3-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പതിമൂന്നാം കേരള നിയമസഭ

## സബ്ജക്റ്റ് കമ്മിറ്റി XIII

## സാമൂഹ്യസേവനം

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്
റിപ്പോർട്ടിലെ പട്ടികജാതി-പട്ടികവർഗ്ഗ വികസനം,
സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുമായി
ബന്ധപ്പെട്ട ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

1164/2011.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII
# സാമൂഹ്യസേവനം (2011-2013)

## ഘടന

ചെയർമാൻ :

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

കുമാരി പി. കെ. ജയലക്ഷ്മി,
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്
,, ചിറ്റയം ഗോപകുമാർ
,, കെ. എൻ. എ. ഖാദർ
,, റ്റി. യു. കുരുവിള
,, പുരുഷൻ കടലുണ്ടി
,, കെ. രാധാകൃഷ്ണൻ
,, ആർ. രാജേഷ്
ശ്രീമതി കെ. എസ്. സലീഖ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർമാനായ ഞാൻ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പട്ടികജാതി-പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

2010 ജൂൺ 28-ാം തീയതിയിലെ 669-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്ന പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി സബ്ജക്ട് കമ്മിറ്റി XIII ആയി പുനഃസംഘടിപ്പിക്കുകയുണ്ടായി. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2011 ഒക്ടോബർ 17-ാം തീയതി ചേർന്ന യോഗത്തിൽ മേൽ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണനയ്ക്കെടുത്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതിയുടെ പരിഗണനയ്ക്ക് വിധേയമാക്കിയ നടപടി സ്റ്റേറ്റുമെന്റുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച വിവരവും ഉൾപ്പെടുത്തിയിരുന്നു.

2011 ഒക്ടോബർ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

| | |
|---|---|
| നിയമസഭാ സെക്രട്ടേറിയറ്റ്, | **ഡോ. എം. കെ. മുനീർ,** |
| തിരുവനന്തപുരം, | *ചെയർമാൻ,* |
| 2011 നവംബർ, 3. | *സബ്ജക്റ്റ് കമ്മിറ്റി XIII.* |

# റിപ്പോർട്ട്

## ഭാഗം 1

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശ കളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ശുപാർശകളുടെയും അവയ്ക്കുള്ള മറുപടി കളുടെയും വിശദവിവരം താഴെച്ചേർക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

**പട്ടികജാതി വികസന വകുപ്പ്**

2225-01-277-96—യൂണിഫോം വിതരണം

ഖണ്ഡിക നമ്പർ 95

പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ യൂണിഫോം അലവൻസ് നിലവിലുണ്ടായിരുന്ന 300 രൂപയിൽ നിന്നും 700 രൂപ ക്രമത്തിൽ വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതിയിതരയിനത്തിൽ 7 ലക്ഷം രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ യൂണിഫോം അലവൻസ് 700 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 2010-11 സാമ്പത്തിക വർഷം "2225-01-277-96 യൂണിഫോം" ശീർഷകത്തിൽ 30.36 ലക്ഷം രൂപ അധികമായി ലഭ്യമാക്കുന്ന തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2225-01-277-94-34—പ്രീ മെട്രിക് ഹോസ്റ്റലുകൾ—മറ്റു ചെലവുകൾ

ഖണ്ഡിക നമ്പർ 96

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന 91 പ്രീ മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പിന് ആവശ്യമായ തുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ഈ പദ്ധതിയിൽ വകയിരുത്തി യിരിക്കുന്നത്. ഭക്ഷണ ചാർജ് 700 രൂപയിൽ നിന്നും 1300 രൂപയായും മെസ് ചാർജിതര ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച സാഹചര്യത്തിലും അടിസ്ഥാന സൗകര്യ വികസനം നവീകരിക്കേണ്ടതിലേക്കുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളിലെ ഭക്ഷണ ചാർജ് 700 രൂപയിൽ നിന്നും 1300 രൂപയായും മറ്റ് മെസ് ചാർജ്ജിതര

ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച സാഹചര്യത്തിൽ "2225-01-277-94-34 പ്രീ മെട്രിക് ഹോസ്റ്റലുകൾ" എന്ന ശീർഷകത്തിൽ 258.73 ലക്ഷം രൂപ അധികമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2225-01-277-93—പോസ്റ്റുമെട്രിക് ഹോസ്റ്റലുകൾ

ഖണ്ഡിക നമ്പർ 97

വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുക എന്ന ലക്ഷ്യത്തോടുകൂടി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റുമെട്രിക് ഹോസ്റ്റലുകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് തൃശ്ശൂർ, കായംകുളം, മഞ്ചേശ്വരം, അടൂർ, ആലുവ, ചീമേനി, മൂന്നാർ എന്നിവിടങ്ങളിൽ പുതിയ ഹോസ്റ്റലുകൾ തുടങ്ങാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തൃശ്ശൂർ, കായംകുളം, മഞ്ചേശ്വരം, അടൂർ, ആലുവ, ചീമേനി, മൂന്നാർ എന്നിവിടങ്ങളിൽ പുതിയ ഹോസ്റ്റലുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ടി ഹോസ്റ്റലുകളുടെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് "2225-01-277-93 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ" എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമെങ്കിൽ അതു വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

2225-01-277-89—മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

ഖണ്ഡിക നമ്പർ 98

അഞ്ചാം ക്ലാസ് മുതൽ പ്ലസ്ടു കാസ്സുകൾ വരെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ താമസിപ്പിച്ചു വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരത്ത് ഒരു കന്നഡ മീഡിയം എം.ആർ. എസും പെരിങ്ങോവിൽ മറ്റൊരു എം.ആർ.എസും അനുവദിക്കണമെന്നുള്ള വർഷങ്ങളായുള്ള ആവശ്യം നടപ്പാക്കുന്നതിനായി ആവശ്യമായ തുക പദ്ധതിയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മഞ്ചേശ്വരത്ത് ഒരു കന്നഡ മീഡിയം എം.ആർ.എസും പെരിങ്ങോവിൽ മറ്റൊരു എം.ആർ.എസും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ടി സ്കൂളുകളുടെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് " 2225-01-277-89 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ" എന്ന ശീർഷകത്തിൽ കൂടുതൽ തുക ആവശ്യമെങ്കിൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2225-01-277-72—പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള തൊഴിൽ പദ്ധതി

ഖണ്ഡിക നമ്പർ 99

സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടിക ജാതിക്കാർക്ക് സ്വയം തൊഴിൽ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പരിപാടിയാണിത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി സബ്സിഡിയും ലോണും 1:2 എന്ന അനുപാത ത്തിൽ അനുവദിക്കുന്നു. പ്രസ്തുത പദ്ധതിക്ക് 2010-11 സാമ്പത്തിക വർഷത്തിലേക്ക് ബജറ്റ് വിഹിതത്തിൽ 50% കുറവു വന്നിരിക്കുന്നതിനാൽ പദ്ധതിയിനത്തിൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിൽ കൂടുതൽ ആവശ്യമായി വരുന്ന തുക “2225-01-800-57” എന്ന ശീർഷകത്തിൽ നിന്നും റീ-അപ്രോപ്രിയേഷൻവഴി കണ്ടെത്തുന്നതാണ്.

2225-01-800-97—ഉല്പാദന പരിശീലന കേന്ദ്രങ്ങൾ (ഐ.ടി.സി. കൾ)

ഖണ്ഡിക നമ്പർ 100

ആലുവ, വരവൂർ, വട്ടംകുളം, പെരളശ്ശേരി എന്നിവിടങ്ങളിൽ ഓരോ ഐ.ടി.സി. ആരംഭിക്കുന്നതിനായും പ്രത്യേകിച്ച് ചേലക്കരയിൽ വരവൂരിൽ പ്രസ്തുത ഐ.ടി.സി.ക്ക് ആവശ്യമായ കെട്ടിടം ഉള്ള സാഹചര്യത്തിലും പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കെട്ടിടത്തിൽ 9-9-2010 മുതൽ ഐ.ടി.സി. പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വട്ടംകുളം, ആലുവ, പെരളശ്ശേരി എന്നിവിടങ്ങളിൽ ഐ.ടി.സി. ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ആയതിനാൽ 2225-01-800-97 ഉൽപ്പാദന പരിശീലന കേന്ദ്ര ങ്ങൾ (ഐ.ടി.സി.കൾ) എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്ന മുറയ്ക്ക് അഡീഷണൽ ഓതറൈസേഷൻ മുഖേനയോ റീ അപ്രോപ്രിയേഷൻ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2225-01-800-80—സാധുക്കളായ പട്ടികജാതിക്കാരുടെ വൈദ്യചികിത്സയ്ക്കും വിവാഹ ആവശ്യത്തിനും ധനസഹായം

ഖണ്ഡിക നമ്പർ 101

ഗുരുതരമായ രോഗം പിടിപെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി ക്കാർക്ക് ഡോക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 25000 രൂപ വരെ ധന സഹായം നൽകുക, സാധുക്കളായ പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാഹ ത്തിന് ധനസഹായം നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടത്തിവരുന്നത്.

വിവാഹധനസഹായം 10000 രൂപയിൽ നിന്ന് 20000 രൂപയായി വർദ്ധിപ്പിക്കുകയും ചികിത്സാ ധനസഹായം നൽകേണ്ടവരുടെ എണ്ണം വർദ്ധിപ്പിച്ചിരിക്കുന്നതിനാലും ഈ പദ്ധതിക്ക് ഈ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"2225-01-800-80 സാധുക്കളായ പട്ടികജാതിക്കാരുടെ വൈദ്യചികിത്സയ്ക്കും, വിവാഹ ആവശ്യത്തിനും ധനസഹായം" എന്ന ശീർഷകത്തിൽ റീ അപ്രോപ്രിയേഷൻ മുഖേനയോ അഡീഷണൽ ഓതറൈസേഷൻ മുഖേനയോ 5 കോടി രൂപ അധികമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

2225-01-800-57—സ്പെഷ്യൽ കംപോണന്റ് പദ്ധതിക്കുവേണ്ടിയുള്ള പൂൾഡ് ഫണ്ട്

ഖണ്ഡിക നമ്പർ 102

പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പരിപാടികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടു കൂടിയുള്ള ഈ പരിപാടിക്കായി അനുവദിച്ചിരിക്കുന്ന തുക സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഉയർന്നു വരുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള ആവശ്യം നിറവേറ്റാൻ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 31 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"2225-01-800-57 സ്പെഷ്യൽ കംപോണന്റ് പദ്ധതിക്കുവേണ്ടിയുള്ള പൂൾഡ് ഫണ്ട്" എന്ന ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം 1859 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് 5000 ലക്ഷമായി ഉയർത്തുന്നതിനുള്ള ശുപാർശ 2011-12 പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2225-01-800-30—പട്ടികജാതിയിലെ ദുർബല വിഭാഗത്തിന്റെ പുനരധിവാസം (ഒറ്റത്തവണ അധിക കേന്ദ്രസഹായം)

ഖണ്ഡിക നമ്പർ 103

ദുർബലവിഭാഗക്കാരുടെ ഉന്നമനത്തിനുള്ള പദ്ധതി (എ.സി.എ.) പ്രകാരം 2008-09 വർഷം അധിക കേന്ദ്ര സഹായമായി അനുവദിച്ച 931.5 ലക്ഷം രൂപയിൽ 73.24 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 858.26 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം അധിക കേന്ദ്ര സഹായമായി ലഭിച്ച 931.50 ലക്ഷം രൂപയിൽ ആ വർഷത്തെ ചെലവ് കിഴിച്ചുള്ള 858.26 ലക്ഷം രൂപയ്ക്ക് 3-8-2010-ൽ ഭരണാനുമതി ലഭ്യമാക്കുകയും സ.ഉ.(സാധാ.) നം.6561/10/ഫിൻ തീയതി 2-9-2010 പ്രകാരം 364 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2225-01-800-26—പ്രത്യേക ഘടക പദ്ധതിയുടെ കീഴിൽ മറ്റു വകുപ്പുകൾ ശുപാർശ ചെയ്യുന്ന പ്രത്യേക പദ്ധതികൾക്കുള്ള പൂൾഡ് ഫണ്ട്

ഖണ്ഡിക നമ്പർ 104

വിവിധ വികസന വകുപ്പുകളും ഏജൻസികളും പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി പ്രോജക്ടുകൾ തയ്യാറാക്കി സംസ്ഥാനത്തിന്റെ ആസൂത്രണ ബോർഡിന്റെ അനുമതിയോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഈ പദ്ധതി നടത്തിപ്പിനെ കാര്യമായി ബാധിച്ചുവെന്നും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും കാര്യമായ പ്രതികരണം ഒരു വകുപ്പിൽ നിന്നും ഉണ്ടായിട്ടില്ലെന്നും, മാത്രവുമല്ല, പ്ലാനിംഗ് ബോർഡിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന നിബന്ധന ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ ഭൂരിഭാഗവും ചെലവഴിക്കാതെ അവശേഷിക്കുന്ന സ്ഥിതിയുണ്ടാക്കിയെന്നും സമിതിക്കു ബോധ്യപ്പെട്ടു. ആയതിനാൽ സമയബന്ധിതമായി ഈ തുക ചെലവഴിക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക കോർപ്പസ് ഫണ്ടിൽ ലയിപ്പിക്കണമെന്നും പട്ടികജാതി വികസന വകുപ്പിന് ഇതിന്റെ പൂർണ്ണനിയന്ത്രണം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"2225-01-800-26 പ്രത്യേക ഘടകപദ്ധതിയുടെ കീഴിൽ മറ്റു വകുപ്പുകൾ ശുപാർശ ചെയ്യുന്ന പ്രത്യേക പദ്ധതികൾക്കുള്ള പൂൾഡ് ഫണ്ട്" എന്ന ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം 5000 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിനാൽ 3000 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾക്കുള്ള അംഗീകാരം നൽകി കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന തുകയ്ക്കുള്ള ഭരണാനുമതി ഉടൻ തന്നെ നൽകുന്നതാണ്. അതിനാൽ പദ്ധതി നടത്തിപ്പിനെ മാർഗ്ഗനിർദ്ദേശങ്ങൾ കാര്യമായി ബാധിക്കുന്ന അവസ്ഥ ഇപ്പോഴില്ല.

2225-01-800-23—പട്ടികജാതിക്കാരുടെ കടം ഇളവുചെയ്യൽ പദ്ധതി

ഖണ്ഡിക നമ്പർ 105

പട്ടികജാതിക്കാരുടെ 31-3-2006 വരെയുള്ള വായ്പാ കുടിശ്ശികയും 31-3-2009 വരെയുള്ള പലിശയും പിഴപ്പലിശയും ഉൾപ്പെടെ 25,000 രൂപ വരെ ഈ പദ്ധതിയിൻ കീഴിൽ എഴുതിത്തള്ളുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 3 വർഷം കൊണ്ട് കടം എഴുതിത്തള്ളുന്നതിന് നിർദ്ദേശമുള്ള ഈ പദ്ധതിക്ക് 2010-11 വർഷത്തേക്ക് 35 കോടി രൂപ കൂടി ആവശ്യമുണ്ട്. ആയതിനാൽ 2010-11 വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 5 കോടി രൂപയ്ക്ക് പുറമെ 30 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11-ൽ '2225-01-800-23 (പ്ലാൻ)' എന്ന ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ നിന്നും 37.23 ലക്ഷം രൂപ മാത്രമേ ടി സാമ്പത്തിക വർഷം ചെലവ് ചെയ്തിട്ടുള്ളൂ. അധിക തുക ആവശ്യമായി വന്നിട്ടില്ല.

2225-01-800-91—ക്ഷേമപ്രവർത്തന കമ്മിറ്റികൾ യാത്രാചെലവ്

ഖണ്ഡിക നമ്പർ 106

പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനും രൂപീകരിക്കപ്പെടുന്ന സംസ്ഥാനതല ഉപദേശക സമിതിയും ജില്ലാ ഉപദേശക സമിതിയും വർഷത്തിൽ 4 പ്രാവശ്യമെങ്കിലും കൂടേണ്ടതുണ്ട്. അംഗങ്ങൾക്ക് ടി.എ./ഡി.എ. എന്നിവ നൽകുന്നതിനും മറ്റു ചെലവുകൾക്കുമായി 3.43 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4 യോഗം കൂടുന്നതിന് മതിയായ സമയം ലഭിക്കാത്തതിനാൽ തുക അധികമായി ആവശ്യം വരുന്നില്ല. അതിനാൽ ഈ വർഷം തുക അധികമായി വകയിരുത്തുന്നില്ല.

2225-01-800-44—പട്ടികജാതിക്കാർക്കുവേണ്ടിയുള്ള നാഷണൽ ട്രേഡ്സ് ആന്റ് ആർട്സ് ഫെസ്റ്റിവൽ

ഖണ്ഡിക നമ്പർ 107

മൂന്ന് റീജിയണിലായി ട്രേഡ് ഫെയറുകൾ സംഘടിപ്പിക്കുന്നതിനും ന്യൂഡൽഹിയിൽ വച്ചുനടക്കുന്ന നാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുപ്പിക്കുന്നതിനും കൂടാതെ സ്റ്റാളിൽ നിൽക്കുന്ന അംഗങ്ങൾക്കുള്ള ഡി.എ. വർദ്ധിപ്പിക്കുന്നതിനും പത്രപ്പരസ്യം നൽകുന്നതിനും ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"2225-01-800-44 പട്ടികജാതിക്കാർക്കുവേണ്ടിയുള്ള നാഷണൽ ട്രേഡ്സ് ആന്റ് ആർട്സ് ഫെസ്റ്റിവൽ" എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായിവരുന്ന മുറയ്ക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികവർഗ്ഗ വികസന വകുപ്പ്**

2225-02-277-87—നഴ്സറി സ്കൂൾ

ഖണ്ഡിക നമ്പർ 109

പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിലുള്ള 14 നഴ്സറി സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇപ്പോൾ ഭക്ഷണത്തിന് പ്രതിദിനം 5 രൂപയാണ് നൽകിവരുന്നത്. വർഷങ്ങൾക്ക് മുൻപ് നിശ്ചയിച്ച ഈ നിരക്ക് തികച്ചും അപര്യാപ്തമാണ്. ഈ നിരക്ക് കാലോചിതമായി പരിഷ്ക്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിൽ വരുന്ന വികാസ്വാടി/കിന്റർഗാർട്ടൻ/നഴ്സറി സ്കൂളുകളിലെയും പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ വരുന്ന നഴ്സറി

സ്കൂളുകളിലെയും നഴ്സറി സ്കൂളുകളായി മാറ്റപ്പെട്ട ബാലവാടി കം ഫീഡിംഗ് സെന്ററുകളിലെയും കുട്ടികൾക്ക് ഉച്ചഭക്ഷണ/പോഷകാഹാരത്തിനുള്ള തുക പ്രതിദിനം 5 രൂപയിൽ നിന്നും 10 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2225-02-800-37—ഭൂരഹിത ഗിരിവർഗ്ഗക്കാരുടെ പുനരധിവാസം

ഖണ്ഡിക നമ്പർ 111

ഓരോ ഭൂരഹിത ഭവനരഹിത കുടുംബത്തിനും ഒരേക്കർ വീതം ഭൂമിയും വീടും മറ്റ് പശ്ചാത്തല സൗകര്യങ്ങളും നൽകുന്നതിനായി ഓരോ വർഷവും വകയിരുത്തുന്ന തുക തീരെ അപര്യാപ്തമാണ്. വനാവകാശനിയമപ്രകാരം ഭൂമി ലഭിച്ച കുടുംബങ്ങൾക്ക് വീടും മറ്റു തൊഴിൽ സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 25 കോടി രൂപ വകയിരുത്തിയിരുന്ന സ്ഥാനത്ത് ഈ സാമ്പത്തിക വർഷം 16 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-2011 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക ഭൂരഹിത ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിലേക്ക് പൂർണ്ണമായും ചെലവായിട്ടില്ലാത്തതിനാൽ സമിതിയുടെ ശുപാർശപ്രകാരമുള്ള ഫണ്ട് അധികമായി അനുവദിക്കുകയുണ്ടായില്ല.

2225-02-282-94—ക്ഷയം, കുഷ്ഠം, വിളർച്ച തുടങ്ങിയ അസുഖങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാരുടെ ചികിത്സയും പുനരധിവാസവും

ഖണ്ഡിക നമ്പർ 112

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ചികിത്സാ സഹായം നൽകുക, രോഗികൾക്ക് പോഷകാഹാരങ്ങളും മരുന്നും നൽകുക തുടങ്ങിയ സഹായങ്ങൾക്കും കൂടാതെ പ്രധാനമായും വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം നൽകുന്നതിനുമാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. വർദ്ധിച്ചുവരുന്ന അപേക്ഷകളുടെ എണ്ണം കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"2225-02-282-94 ചികിത്സയും പുനരധിവാസവും (പ്ലാൻ)" എന്ന ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻവഴി 25 ലക്ഷം രൂപകൂടി ലഭ്യമാക്കിയിട്ടുണ്ട്.

**അധിക കേന്ദ്രസഹായ പദ്ധതികൾ**

ഖണ്ഡിക നമ്പർ 113

2002-03 മുതൽ 2008-09 വരെയുള്ള കാലയളവിൽ അധിക കേന്ദ്ര സഹായമായി ലഭിച്ച തുകയിൽ ശേഷിക്കുന്ന 907 ലക്ഷം രൂപ വിനിയോഗിക്കുന്നതിലേക്ക് അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2002-03 മുതൽ 2008-09 വരെയുള്ള കാലയളവിൽ അധിക കേന്ദ്ര സഹായമായി ലഭിച്ച തുകയിൽ ശേഷിക്കുന്ന 907 ലക്ഷം രൂപ വിനിയോഗിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മറ്റു പിന്നോക്കവിഭാഗ ക്ഷേമ വകുപ്പ്**

2225-03-272-99—മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾ

ഖണ്ഡിക നമ്പർ 114

ബിരുദാനന്തര ബിരുദ കോഴ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് നിലവിലുള്ള വരുമാന പരിധി 42,000 രൂപയായി ഏകീകരിച്ചതുകൊണ്ടും ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും യഥാക്രമം 500, 250 രൂപയായി വർദ്ധിപ്പിച്ചതുകൊണ്ടും ഉണ്ടായിട്ടുള്ള അധിക ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 1.71 കോടി രൂപയും പദ്ധതിയിതരയിനത്തിൽ 5 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

30-8-2010-ലെ G.O (Ms.) No.94/10/പജപവ. വിവ. നമ്പർ ഉത്തരവ് പ്രകാരം +1, +2 ക്ലാസുകളിലെ OBC വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ ആനുകൂല്യത്തോടെ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് "2225-03-277-94 പ്ലാൻ" എന്ന ശീർഷകത്തിൽ തുക അനുവദിച്ചിട്ടുള്ളതിനാൽ "2225-03-277-99" എന്ന ശീർഷകത്തിൽ അധിക തുകയുടെ ആവശ്യം വരുന്നില്ല.

2225-80-800-99—മറ്റു സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകളും

ഖണ്ഡിക നമ്പർ 115

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം ആനുകൂല്യം നൽകേണ്ട വിദ്യാർത്ഥികൾക്ക് സ്വാശ്രയ കോഴ്സുകളിൽ പഠിക്കുന്നതിന് ഫീസാനുകൂല്യം നൽകുവാനുള്ള തീരുമാനം സർക്കാരിന്റെ സജീവ പരിഗണനയിലായതിനാലും ഈ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ വർദ്ധിപ്പിച്ചതിനാലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

KPCR പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ സ്വാശ്രയ കോഴ്സുകളിൽ പഠിക്കുന്ന SEBC/FC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നത് സംബന്ധിച്ച സമഗ്ര ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ

സ്വീകരിച്ചുവരികയാണ്. പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നതിനുശേഷം മാത്രമേ അധിക തുക വകയിരുത്തേണ്ട ആവശ്യം വരുന്നുള്ളൂ.

**പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന് ധനസഹായം**

ഖണ്ഡിക നമ്പർ 116

2009-10 വർഷം കേന്ദ്ര സഹായമായി ലഭിച്ച 7 ലക്ഷം രൂപ വിനിയോഗിക്കുന്നതിനായി 7 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10-ൽ കേന്ദ്ര സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് ആയി കേരള പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന് അനുവദിച്ച 7 ലക്ഷം രൂപ വിനിയോഗിക്കുന്നതിനായി 7 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് 268/2010, തീയതി 23/10 പ്രകാരം 2010-11 സാമ്പത്തിക വർഷത്തിലേക്ക് 7 ലക്ഷം രൂപ ഫെഡറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

**ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**

2235-02-101-85—ബധിരർക്കും മൂകർക്കുംവേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട് (നിഷ്)

ഖണ്ഡിക നമ്പർ 123

ശ്രവണ പരിമിതിയുള്ള കുട്ടികളിൽ അവശേഷിക്കുന്ന കേൾവി ശക്തി പരമാവധി പ്രയോജനപ്പെടുത്തി ആശയവിനിമയശേഷി വളർത്തുന്നതിനും ദൈനംദിന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള പരിശീലനം നൽകുന്ന പ്രീ സ്കൂൾ സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനായി 23 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന്റെ Ministry of Human Resource Development-ന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്.

ഖണ്ഡിക നമ്പർ 124

ബധിര വിദ്യാർത്ഥികൾക്കുവേണ്ടി നിഷ് ആരംഭിച്ച ബി.എസ്.സി. (കംപ്യൂട്ടർ സയൻസ്) എന്ന പ്രോജക്ടിനായി 10 കോടി രൂപയും ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് എന്ന പ്രോജക്ടിനായി 10.57 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന്റെ Ministry of Scoial Justice and Empowerment-ന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്.

ഖണ്ഡിക നമ്പർ 125

നവജാത ശിശുക്കളിലെ ശ്രവണ ബോധന പരിശോധനയ്ക്കുള്ള സംവിധാനം ഇനി 8 ജില്ലകളിൽകൂടി നടപ്പാക്കാനുണ്ടെന്നും പ്രസ്തുത സ്ഥലങ്ങളിലേക്ക് ബധിരത യുടെ കൃത്യമായ അളവ് കണ്ടുപിടിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പാടാക്കിയിട്ടു ണ്ടെന്നും ആരോഗ്യ വകുപ്പിൽ നിന്നും സ്റ്റാഫിനെ പരിശീലനത്തിനയയ്ക്കുന്ന മുറയ്ക്ക് അവ സ്ഥാപിക്കുന്നതിനാവശ്യമായ തുക ഈ സാമ്പത്തികവർഷം വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ നവജാത ശിശുക്കളുടെ ശ്രവണ പരിശോധനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്.

2235-02-190-99—കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ

ഖണ്ഡിക നമ്പർ 128

വിവിധ ദേശീയ കോർപ്പറേഷനുകളിൽ നിന്നും വനിതകൾക്ക് സ്വയംതൊഴിലി നുള്ള വായ്പാ പദ്ധതികളുടെ ചാനലൈസിംഗ് ഏജൻസിയായി കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ട്. ദേശീയ കോർപ്പറേഷനുകളിൽ നിന്നും കിട്ടുന്ന വായ്പാ തുകയ്ക്ക് ആനുപാതികമായി 10% സംസ്ഥാന വിഹിതം 2010-11 സാമ്പത്തിക വർഷത്തിൽ വകകൊള്ളിച്ചില്ലെങ്കിൽ ദേശീയ കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന വായ്പ തുക കുറയുവാനിടയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ സംസ്ഥാന വിഹിതമായി 1 കോടി 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള വനിതാ വികസന കോർപ്പറേഷന് 2010-2011-ൽ വകയിരുത്തിയിട്ടുള്ള 225 ലക്ഷം രൂപയുടെ പദ്ധതിവിഹിതത്തിൽ 175 ലക്ഷം രൂപ ദേശീയ ഏജൻസി കളിൽ നിന്നുള്ള വായ്പാ സഹായത്തോടെ നടപ്പിലാക്കുന്ന വനിതകൾക്കുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതിക്കുള്ള സംസ്ഥാന വിഹിതമാണ്.

ഖണ്ഡിക നമ്പർ 129

മുന്നോക്ക സമുദായങ്ങളിലെ വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതിക്കായി ആവശ്യമായ വായ്പ 100% സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽനിന്നുമാണ് നൽകേണ്ടിവരുന്നത്. ആയതിനാൽ ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള വനിതാ വികസന കോർപ്പറേഷൻ 2010-11-ലേയ്ക്ക് പദ്ധതിവിഹിതമായി അനുവദിച്ചിട്ടുള്ള 225 ലക്ഷം രൂപയിൽ 30 ലക്ഷം രൂപ പൊതു വിഭാഗത്തിൽപ്പെടുന്ന

വനിതകൾക്കുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതിക്കായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. നിലവിലെ സാഹചര്യത്തിൽ പദ്ധതിവിഹിതം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല.

**ലാന്റ് റവന്യൂ കമ്മീഷണറേറ്റിന്റെകീഴിലുള്ള സാമൂഹ്യക്ഷേമം**

അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള
പ്രത്യേക പെൻഷൻ പദ്ധതി

ഖണ്ഡിക നമ്പർ 130

അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കും 1-4-2009 മുതൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ തുക 250 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ടി ശീർഷകത്തിൽ 23.35 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പെൻഷൻ പദ്ധതിയിൽ 2010-11 വർഷത്തിൽ പെൻഷൻ വിതരണത്തിനായി 5315.45 ലക്ഷം രൂപ ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5062.30 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചത്. ടി പെൻഷൻ 1-4-2009 മുതൽ 250 രൂപയായി മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചതുമൂലവും ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ ആവശ്യപ്പെട്ടിരുന്നതിൽ അവശേഷിക്കുന്ന തുകയും ഉൾപ്പെടെയാണ് 23.35 കോടി രൂപ ആവശ്യപ്പെട്ടിരുന്നത്. 1-4-2010 മുതൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ 250 രൂപയിൽനിന്നും 300 രൂപയായി വർദ്ധിപ്പിച്ചതുമൂലവും പെൻഷൻ ഓണത്തിനുമുൻപ് വിതരണം ചെയ്യേണ്ടിയിരുന്നതിനാലും ബഡ്ജറ്റ് വിഹിതമായി ലഭിച്ച 5062.30 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷനിലൂടെയും ലഭിച്ച 823.96 ലക്ഷം രൂപയും ഉൾപ്പെടെ 5886.26 ലക്ഷം രൂപ പെൻഷൻ വിതരണത്തിനായി 9/10-നകംതന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള കാലയളവിലേക്ക് 4233.79 ലക്ഷം രൂപകൂടി ആവശ്യമുണ്ട്. ആയത് അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**അഗതി (വിധവകൾക്കുള്ള) പെൻഷൻ**

ഖണ്ഡിക നമ്പർ 131

അഗതി (വിധവകൾക്കുള്ള) പെൻഷൻ 200 രൂപയിൽ നിന്നും 250 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 61.35 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഗതി (വിധവ) പെൻഷൻ പദ്ധതിയിൽ 2010-11-ൽ വിതരണത്തിനായി 11087.79 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 10559.76 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചത്. 1-4-2009 മുതൽ പെൻഷൻ നിരക്ക് മുൻകാല

പ്രാബല്യത്തോടെ വർദ്ധിപ്പിച്ചതുമൂലവും ബഡ്ജറ്റ് എസ്റ്റിമേറ്റിലൂടെ ആവശ്യപ്പെട്ടിരുന്നതിൽ അവശേഷിക്കുന്ന തുകയും ഉൾപ്പെടെയാണ് 61.35 കോടി രൂപ ആവശ്യപ്പെട്ടിരുന്നത്. 1-4-2010 മുതൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ 250 രൂപയിൽ നിന്നും 300 രൂപയായി വർദ്ധിപ്പിച്ചതിനാലും പെൻഷൻ ഓണത്തിനു മുൻപ് വിതരണം ചെയ്യേണ്ടിയിരുന്നതിനാലും ബഡ്ജറ്റ് വിഹിതമായി ലഭിച്ച 10559.76 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷനിലൂടെ ലഭിച്ച 3784.84 ലക്ഷം രൂപയും ഉൾപ്പെടെ 14344.60 ലക്ഷം രൂപ പെൻഷൻ വിതരണത്തിനായി ഇതിനകംതന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. ബാക്കി കാലയളവിലേക്കുള്ള പെൻഷൻ വിതരണത്തിനായി 11016.69 ലക്ഷം രൂപ കൂടി ആവശ്യമുണ്ട്. ആയത് അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി**

ഖണ്ഡിക നമ്പർ 132

പ്രായം ചെന്ന അഗതിവിധവകൾക്കുള്ള പെൻഷൻ കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിൻകീഴിൽ സംസ്ഥാന വിഹിതം 50 രൂപയായി വർദ്ധിപ്പിച്ച് നിലവിൽ 250 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു. ഈയിനത്തിൽ അനുവദിച്ചിട്ടുള്ള തുക പ്രസ്തുത പെൻഷൻ വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 5.44 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ 2010-11-ൽ പെൻഷൻ വിതരണത്തിനായി 5451.76 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5399.81 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചത്. 1-4-2009 മുതൽ പെൻഷൻ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചതുമൂലവും ബഡ്ജറ്റ് വിഹിതത്തിലൂടെ ആവശ്യപ്പെട്ടിരുന്നതിൽ അവശേഷിക്കുന്ന തുകയും ഉൾപ്പെടെ 13.90 കോടി രൂപയാണ് ആവശ്യമുണ്ടായിരുന്നത്. 1-4-2010 മുതൽ മുൻകാല പ്രാബല്യത്തോടെ പെൻഷൻ 250 രൂപയിൽ നിന്നും 300 രൂപയായി വർദ്ധിപ്പിച്ചതുമൂലവും പെൻഷൻ ഓണത്തിനു മുൻപ് വിതരണം ചെയ്യേണ്ടിയിരുന്നതിനാലും ബഡ്ജറ്റ് വിഹിതമായി ലഭിച്ച 5399.81 ലക്ഷം രൂപയും അഡീഷണൽ ആതറൈസേഷനിലൂടെ ലഭിച്ച 386.61 ലക്ഷം രൂപയും ഉൾപ്പെടെ 5786.42 ലക്ഷം രൂപ പെൻഷൻ വിതരണത്തിനായി ഇതിനകം തന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള കാലയളവിലേക്കായി 4085.99 ലക്ഷം രൂപ ആവശ്യമായുണ്ട്. ആയത് അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഖണ്ഡിക നമ്പർ 133

ലാന്റ് റവന്യൂ കമ്മീഷണറേറ്റുവഴി വിതരണം ചെയ്യുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ ഇപ്പോൾ വിതരണം ചെയ്യുന്ന രീതി കൂടുതൽ സങ്കീർണ്ണമായതിനാൽ ഈ നടപടിക്രമം മാറ്റി ലളിതമാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റുവഴി വിതരണം ചെയ്യുന്ന സാമൂഹ്യക്ഷേമ

പെൻഷനുകൾ സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമൂഹ്യക്ഷേമ വകുപ്പിന്റെകീഴിലുള്ള വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് ലാന്റ് റവന്യൂ കമ്മീഷണർ മുഖേന കൈകാര്യം ചെയ്യുന്നത്. ടി പദ്ധതികൾ പ്രകാരമുള്ള അപേക്ഷ സ്വീകരിക്കുന്നതും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും തദ്ദേശഭരണ സ്ഥാപനങ്ങളാണ്. പെൻഷൻ അനുവദിക്കുന്ന അധികാരികളുടെ ഉത്തരവിന്മേലുള്ള അപ്പീൽ, റിവിഷൻ അധികാരം മാത്രമാണ് ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമായിരിക്കുന്നത്. സാമൂഹ്യക്ഷേമ വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിലുള്ള പെൻഷനുകൾ വിതരണം ചെയ്യുന്നതിനാവശ്യമായ ഫണ്ട് ജില്ലാ കളക്ടർമാർ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുക മാത്രമാണ് ലാന്റ് റവന്യൂ കമ്മീഷണർ ചെയ്തുവരുന്നത്. പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെ മറ്റു ചുമതലകൾ ഒന്നും ലാന്റ് റവന്യൂ വകുപ്പിന് ഇല്ലാത്ത സാഹചര്യത്തിൽ ഫണ്ട് വിതരണവും സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## ഭാഗം II

### ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച വിവരം

**പട്ടികജാതി വികസന വകുപ്പ്**

2225-01-277-97—വയോജന വിദ്യാഭ്യാസം

ഖണ്ഡിക നമ്പർ 94

ഗ്രന്ഥശാലാ സംഘത്തിന് 1970-ൽ കൈമാറിയ ലൈബ്രറികളിലെ ലൈബ്രേറിയൻമാരുടെ ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലേക്ക് 14 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**പട്ടികവർഗ്ഗ വികസന വകുപ്പ്**

2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ

ഖണ്ഡിക നമ്പർ 108

പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ നവീകരിച്ച് മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ട്രൈബൽ ഹോസ്റ്റലുകളിൽ 91 കുക്കുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതിനാലും ഭക്ഷണച്ചെലവ് 1300 രൂപയാക്കി വർദ്ധിപ്പിച്ചതിനാലും ഈ വർഷം വകയിരുത്തിയിട്ടുള്ള 12.50 കോടി രൂപ അപര്യാപ്തമായതിനാൽ 295 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-64—ഗിരിവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള പൂൾഡ് ഫണ്ട്

ഖണ്ഡിക നമ്പർ 110

പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്ന ആവശ്യങ്ങൾക്ക് മുൻഗണന നൽകി സന്നദ്ധസംഘടനകളുടേയും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും മേൽനോട്ടത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതാണ് ഈ പദ്ധതി. കഴിഞ്ഞ വർഷങ്ങളിൽ ജില്ലകളിൽ നിന്ന് ലഭിക്കുന്ന പല പദ്ധതികൾക്കും ഫണ്ടിന്റെ അപര്യാപ്തത കാരണം അനുമതി നൽകുവാൻ കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഭവന നിർമ്മാണത്തിനുപുറമെ റോഡ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ ഭൗതിക സൗകര്യങ്ങൾക്ക് കൂടി ഈ ശീർഷകത്തിൽ നിന്നും തുക കണ്ടെത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**

2235-02-001-96—ഭരണസംവിധാനം ശക്തിപ്പെടുത്തൽ

ഖണ്ഡിക നമ്പർ 117

സാമൂഹ്യക്ഷേമ വകുപ്പിൽ 35 കൊല്ലത്തിനുള്ളിൽ സ്റ്റാഫിന്റെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നും നിരവധി ആക്ടുകളും റൂളുകളും നടപ്പിലാക്കാനുള്ള ഈ വകുപ്പിൽ ജീവനക്കാരുടെ എണ്ണം ആനുപാതികമായി തുച്ഛമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ തസ്തിക സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2235-02-800-90—അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യവിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ

ഖണ്ഡിക നമ്പർ 118

സമൂഹത്തിന്റെ സ്വാഭാവിക മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്രവികസനം, വികസന പങ്കാളികളായി സ്ത്രീ അംഗീകരിക്കപ്പെടുക എന്നീ ലക്ഷ്യങ്ങളുള്ള ഈ പദ്ധതിയിൻകീഴിൽ അംഗൻവാടികളിൽ ലഭ്യമാക്കിയിട്ടുള്ള കമ്പ്യൂട്ടറുകളുടെ മെയിന്റനൻസ്, വിദ്യാഭ്യാസപരമായ സി.ഡി.കൾ ലഭ്യമാക്കുക, കൂടാതെ ശോച്യാവസ്ഥയിലുള്ള അംഗൻവാടി കെട്ടിടനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 100 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 35 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 119

അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്ക് നൽകിവരുന്ന ഓണറേറിയം വളരെ തുച്ഛമാണെന്നും ഇത് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ അംഗൻവാടി

വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്ക് കുറഞ്ഞത് ദിവസം 125 രൂപ എന്ന കേന്ദ്ര തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള നിരക്കിലെങ്കിലും ഇത് വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-79—1995-ലെ അവശവിഭാഗ ആക്ടിൻ (തുല്യ അവസരവും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) കീഴിലുള്ള വ്യക്തികളുടെ സംസ്ഥാനതല കമ്മീഷൻ

ഖണ്ഡിക നമ്പർ 120

വികലാംഗർക്ക് വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം, സാമൂഹ്യസുരക്ഷ എന്നീ മേഖലകളിൽ നടപ്പാക്കിയിട്ടുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് ബോധവൽക്കരണം നൽകുന്നതിനായി കുറഞ്ഞത് 20 മിനിട്ടെങ്കിലും ദൈർഘ്യമുള്ള ഒരു ഡോക്യുമെന്ററി നിർമ്മിക്കുന്നതിനും വിവിധ ക്ഷേമ പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി 10 മുതൽ 20 സെക്കന്റുവരെ വീഡിയോ ക്ലിപ്പിംഗ്സ് നിർമ്മിക്കുവാനും അവ സംപ്രേഷണം ചെയ്യുവാനും നിലവിൽ വകയിരുത്തിയിട്ടുള്ള 15 ലക്ഷം രൂപയ്ക്കുപുറമേ ഈയിനത്തിൽ 15 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 121

കമ്മീഷണറേറ്റിൽ നിലവിലുള്ള മോട്ടോർ കാർ പഴക്കമേറിയതായതിനാൽ ഒരു പുതിയ കാർ വാങ്ങുന്നതിന് തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

2235-02-103-95—സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ

ഖണ്ഡിക നമ്പർ 126

ഈ ശീർഷകത്തിൽ 2010-11 വർഷം വകയിരുത്തിയിരിക്കുന്ന 84 ലക്ഷം രൂപയിൽ നിന്നും സെമിനാർ/വർക് ഷോപ്പുകൾ എന്നിവയ്ക്കുള്ള ചെലവുകൾകൂടി വഹിക്കാവുന്ന തരത്തിൽ പ്ലാൻ റൈറ്റ് അപ്പിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 127

മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വാട്ടർ ചാർജ്ജ്, കറന്റ് ചാർജ്ജ് എന്നീ ഇനങ്ങൾക്കും മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്നിവ ഉൾപ്പെടെയുള്ള പദ്ധതിയിതര ചെലവുകൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി 25,18,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 94, 108, 110 (മൂന്ന് ഖണ്ഡികകൾ) സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 117, 118, 119, 120, 121, 126, 127 (ഏഴ് ഖണ്ഡികകൾ) എന്നിവയിലെ ശുപാർശകളിന്മേൽ

ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളുടെ വിശദവിവരം ഉൾക്കൊള്ളുന്ന സ്റ്റേറ്റുമെന്റ് ഇനിയും ലഭ്യമാക്കിയിട്ടില്ല.

**"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് അതാത് സാമ്പത്തിക വർഷാവസാനമോ അതു കഴിഞ്ഞുള്ള സഭാസമ്മേളനകാലത്തോ സമിതി ചെയർമാൻ സഭയിൽ സമർപ്പിക്കേണ്ട താണ്. ഏതെങ്കിലും ശുപാർശകളിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലാ എങ്കിൽ അതിനുള്ള കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാസമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ് ."**

ആയതിനാൽ മുൻ റിപ്പോർട്ടിലെ ശുപാർശകളിൽ ഇനിയും നടപടി സ്വീകരിച്ചിട്ടി ല്ലാത്ത ശുപാർശകൾ സംബന്ധിച്ച വിവരം ഡിലേ സ്റ്റേറ്റുമെന്റ് സഹിതം ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാസമ്മേളനകാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഡോ. എം. കെ. മുനീർ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2011 നവംബർ, 3.